**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5416** **21-03-2025 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ എത്ര പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>1) തിരുവനന്തപുരം - 360<br>2) കൊല്ലം - 319<br>3) പത്തനംതിട്ട - 170<br>4) ആലപ്പുഴ - 242<br>5) കോട്ടയം - 233<br>6) ഇടുക്കി - 189<br>7) എറണാകുളം - 315<br>8) തൃശ്ശൂർ - 249<br>9) മലപ്പുറം - 251<br>10) പാലക്കാട് - 332<br>11) കോഴിക്കോട് - 255<br>12) വയനാട്-56<br>13) കണ്ണൂർ - 215<br>14) കാസർഗോഡ് - 152 |
| (ബി) | പ്രസ്തുത ക്ഷീര സഹകരണ സംഘങ്ങൾക്ക് വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (ബി) | ക്ഷീര സഹകരണ സംഘങ്ങൾക്ക് വേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനു ധനസഹായം. |

| | | | |
|---|---|---|---|
| | | | 2. പുതിയായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം.<br>3. ക്ഷീരസംഘങ്ങൾ പുനരുദ്ധാരണം നടത്തുതിനുള്ള ധനസഹായം.<br>4. ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം.<br>5. ക്ഷീര സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം<br>6. ക്ഷീരസംഘങ്ങളുടെ ഓട്ടോമേഷൻ ആവശ്യങ്ങൾക്കുള്ള ധനസഹായം.<br>7. ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ്.<br>8. ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ്.<br>9. ഹൈജീനിക്ക് മിൽക്ക് കളക്ഷൻ റൂം സ്ഥാപിക്കുന്നതിനുള്ള ധനസഹായം.<br>10. ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള ധനസഹായം.<br>11. സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ധനസഹായം.<br>12. ഇ.റ്റി.പി സ്ഥാപിക്കുന്നതിനുള്ള ധനസഹായം<br>13. കോർപ്പസ് ഫണ്ട് |

സെക്ഷൻ ഓഫീസർ